/123783/2023

മോട്ടോർ വാഹന വകുപ്പ് , കേരളം
ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തീയതി: 11-05-2023

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – 15 വർഷം കഴിഞ്ഞ KSRTC വാഹനങ്ങളുടെ വിവിധ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിനുള്ള ബുദ്ധിമുട്ട് – സംബന്ധിച്ച്

സൂചന :-
1. കേന്ദ്ര ഗതാഗത മന്ത്രാലയം പുറപ്പെടുവിച്ച 16/01/2023 ലെ ജി എസ് ആർ.29(ഇ) നമ്പർ വിജ്ഞാപനം
2. 28/04/2023 ലെ സർക്കാരിന്റെ സ്.ഉ.(സാധാ) 162/2023/ട്രാൻസ് ഉത്തരവ്
3. ഈ ഓഫീസിൽ നിന്നുള്ള 04/05/2023 ലെ സി1/65/2023-റ്റിസി നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു. സൂചന (3) പ്രകാരമുള്ള നിർദ്ദേശത്തിന്റെ തുടർച്ചയായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

1. KSRTCയുടെ ഉടമസ്ഥതയിലുള്ളതും 31/03/2023 ൽ 15 വർഷം പൂർത്തിയാക്കിയതോ 30/09/2024 നകം 15 വർഷം പൂർത്തിയാകുന്നതോ ആയ എല്ലാ വാഹനങ്ങളുടെയും ഫിറ്റ്നെസ്, രജിസ്ട്രേഷൻ, പെർമിറ്റ് തുടങ്ങിയവ പുതുക്കി നൽകേണ്ടതും ആയതിന്റെ കാലാവധി പരമാവധി 30/09/2024 വരെ നിജപ്പെടുത്തി നൽകേണ്ടതുമാണ്.
2. KSRTCവാഹനങ്ങൾ മറ്റ് ഏതെങ്കിലും സേവനങ്ങൾക്ക് സമീപിച്ചാലും മേൽപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. KSRTCയുടെ വാഹനങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഉൾപ്പടെ ഒരു തരത്തിലുള്ള ഫീസോ,ടാക്സോ ഈടാക്കുവാൻ പാട്ടുള്ളതല്ല
4. KSRTC വാഹനങ്ങളുടെ സി എഫ്, പെർമിറ്റ് തുടങ്ങിയവ ഉൾപ്പെടെ ഏത് ആവശ്യത്തിന് ഓഫീസിൽ സമീപിച്ചാലും വാഹനത്തിന്റെ രജിസ്ട്രേഷൻ/ പെർമിറ്റിന്റെ വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം manual ആയി, ഫിറ്റ്നെസ്, പെർമിറ്റ് തുടങ്ങിയവ പുതുക്കിനൽകേണ്ടതും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്
5. ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ parivahan software വഴി KSRTC വാഹനങ്ങൾക്ക്

സേവനങ്ങൾ ചെയ്തു നൽകേണ്ടതില്ല.

6. KSRTCയുടെ 15 വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് മാത്രമേ മേൽ നിർദ്ദേശങ്ങൾ ബാധമാകുകയുള്ളൂ.

വിശ്വസ്തതയോടെ

Signed by
S Sreejith I P S
Date: 11-05-2023 15:28:03

S SREEJITH I P S
TRANSPORT COMMISSIONER

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in